പത്ര പ്രസ്താവന PRESSRELEASE

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ
RESERVEBANKOFINDIA
വെബ്സൈറ്റ്:www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ഇ-മെയിൽ: helpdoc@rbi.org.in

(1935 - 2010) प्लैटिनम जयंती PLATINUM JUBILEE

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ-400001
DEPARTMENT OF COMMUNICATION, Central Office, S.B.S. Marg, Mumbai 400001
ഫോൺ /Phone:912222660502 ഫാക്സ്/Fax: 912222703279

ജൂലൈ 30,2009

## സാങ്കൽപ്പിക ഓഫറുകൾ/ലോട്ടറികൾ/വിലകുറഞ്ഞ ഫണ്ട് എന്നിവയുടെ വാഗ്ദാനങ്ങളെ സൂക്ഷിക്കുക: ആർ ബി ഐ

1999ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരം ലോട്ടറി സ്കീമുകളിൽ പങ്കാളികളാകുന്നതിന് ഏത് രൂപത്തിലും പണം അയക്കുന്നത് നിരോധിച്ചിട്ടുണ്ടെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കി. കൂടാതെ, സമ്മാനത്തുക / അവാർഡുകൾ വാഗ്ദാനം ചെയ്യുന്ന വിവിധ പേരുകളിലുള്ള പണ സർക്കുലേഷൻ സ്കീം അല്ലെങ്കിൽ റെമിറ്റൻസ് പദ്ധതികളിൽ പങ്കെടുക്കുന്നതിനുള്ള പണമയയ്ക്കലുകൾക്കും ഈ നിയന്ത്രണങ്ങൾ ബാധകമാണ്. വ്യക്തികളുടെ/കമ്പനികളുടെ/ട്രസ്റ്റുകളുടെ പേരിൽ ഇന്ത്യയിൽ ഒരു അക്കൗണ്ടും ഫണ്ട് വിതരണത്തിനായി കൈവശം വയ്ക്കുന്നില്ലെന്നും റിസർവ് ബാങ്കിൽ പണം നിക്ഷേപിക്കുന്നതിന് അക്കൗണ്ട് തുറക്കാൻ വ്യക്തികളെ അനുവദിക്കുന്നില്ലെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി. ഇങ്ങനെയുള്ള അക്കൗണ്ടുകളിൽ പണം ഉണ്ടെന്നു കാണിക്കുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ ഉപദേശങ്ങൾ അല്ലെങ്കിൽ 4e തെളിവ് രസീതും എന്നിവയും ആർ ബി ഐ ഇഷ്യൂ ചെയ്യുന്നില്ല

സാങ്കൽപ്പിക ഓഫറുകൾ/പ്രാതിനിധ്യങ്ങൾ എന്നിവയ്ക്ക് മറുപടിയായി ഇത്തരം അക്കൗണ്ടുകളിൽ പണം അയക്കുകയോ നിക്ഷേപിക്കുകയോ ചെയ്യരുതെന്ന് റിസർവ് ബാങ്ക് പൊതുജനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരാനായി ഇത്തരം ഓഫറുകളുടെ വിശദാംശങ്ങൾ പൊതുജനങ്ങൾ ഉടൻ തന്നെ പ്രാദേശിക പോലീസ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

സമീപകാലത്ത് നിരവധി ആളുകൾ ഇത്തരം പ്രലോഭിപ്പിക്കുന്ന ഓഫറുകളിൽ വീഴുകയും പണം നഷ്ടപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിലാണ് റിസർവ് ബാങ്കിന്റെ ഉപദേശം.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, മുമ്പ് പല അവസരങ്ങളിലും, ഇത്തരത്തിലുള്ള സാങ്കൽപ്പിക ഓഫറുകൾ / ലോട്ടറികൾ / വിദേശത്ത് നിന്ന് വിദേശ കറൻസിയിൽ കുറഞ്ഞ പണം അയയ്ക്കൽ എന്നിവയ്ക്ക് ഇരയാകരുതെന്ന് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. വിദേശ സ്ഥാപനങ്ങൾ / വ്യക്തികൾ അല്ലെങ്കിൽ ഇവയുടെ പ്രതിനിധികളായി പ്രവർത്തിക്കുന്ന ഇന്ത്യൻ നിവാസികൾ എന്നിവരും ഇതിൽ ഉൾപ്പെടുന്നു . ഈ ഓഫറുകൾ സാധാരണയായി കത്തുകൾ, ഇ-മെയിലുകൾ, മൊബൈൽ ഫോണുകൾ, എസ്എംഎസ് മുതലായവ വഴിയാണ് വരുന്നത്.

മുൻകാലങ്ങളിൽ സ്വീകരിച്ച സാധാരണ രീതികൾക്ക് പുറമേ, തട്ടിപ്പുകാർ ഇപ്പോൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടേത് പോലെ തോന്നിക്കുന്ന ലെറ്റർഹെഡിൽ സർട്ടിഫിക്കറ്റുകൾ, കത്തുകൾ, സർക്കുലറുകൾ മുതലായവ ഇഷ്യൂ ചെയ്യുകയും അത്തരം ഓഫറുകൾ യഥാർത്ഥമാണെന്ന് വരുത്തിത്തീർക്കാൻ അതിന്റെ എക്സിക്യൂട്ടീവുകൾ / മുതിർന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് വയ്ക്കുകയും ചെയ്തിരിക്കുന്നു എന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസ്താവിച്ചു.വ്യാജ ടെലിഫോൺ നമ്പറുകളും കൂടാതെ/അല്ലെങ്കിൽ ഇ-മെയിൽ ഐഡികളും ഉപയോഗിച്ച് റിസർവ് ബാങ്കിന്റെ മുതിർന്ന ഉദ്യോഗസ്ഥരായി ആൾമാറാട്ടം നടത്തിയും തട്ടിപ്പുകാർ ഇരകളെ വലയിലാക്കുന്നു. പല തട്ടിപ്പുകാരും ഇന്ത്യയിലെ വിവിധ ബാങ്കുകളിൽ അക്കൗണ്ടുകൾ തുറക്കുകയും വിവിധ ചാർജുകൾ, നികുതികൾ, തീരുവകൾ മുതലായവയ്ക്കായി ഈ അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കാൻ പൊതുജനങ്ങളെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.പണം അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചുകഴിഞ്ഞാൽ, അത്തരം ഓഫറുകൾ മെയിൽ ചെയ്യുന്ന ആളുകൾ പണം പിൻവലിസിക്ക കൊണ്ട് അപ്രത്യക്ഷരാകുന്നു. ഇതിനിരയാകുന്ന ആളുകൾക്ക് അവർ ഇതിനകം അടച്ച പണം നഷ്ടപ്പെടുകായും ചെയ്യുന്നു.

വിശദവിവരങ്ങൾക്ക് റിസർവ് ബാങ്കിന്റെ വെബ്സൈറ്റിലെ (www.rbi.org.in) ടിക്കർ വായിക്കാൻ പൊതുജനങ്ങളോട് റിസർവ് ബാങ്ക് അഭ്യർത്ഥിച്ചു.

അൽപാന കില്ലവാല
ചീഫ് ജനറൽ മാനേജർ

പത്ര പ്രസ്താവന:2009-2010/168

| അനുബന്ധ പത്രപ്രസ്താവന/ അറിയിപ്പ് | |
|---|---|
| 2010 മെയ് 28 | ഫണ്ട് കൈമാറ്റത്തിന്റെ വ്യാജ ഓഫറുകളിൽ വീഴരുത്: ആർ ബി ഐ ഉപദേശം |
| 2010 മെയ് 26 | ലോട്ടറിയിൽ പങ്കാളിത്തം, മണി സർക്കുലേഷൻ സ്കീമുകൾ, മൂല്യം കുറഞ്ഞ ഫണ്ടുകളുടെ മറ്റ് വ്യാജ ഓഫറുകൾ മുതലായവയ്ക്കുള്ള പണമയയ്ക്കൽ. |
| 2007 ഡിസംബർ 07 | വിദേശത്ത് നിന്ന് കുറഞ്ഞ നിരക്കിൽ പണം അയക്കുന്നതിനുള്ള വ്യാജ ഓഫറുകൾക്കെതിരെ ആർബിഐ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. |